നം. വൈ(2)/60318/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 05/11/2018

# സർക്കുലർ

വിഷയം :- പൊ.വി. - സ്കൂൾ കലോത്സവം- 2017-18 രചനാ മത്സരങ്ങളുടെ നടത്തിപ്പ്- സംബന്ധിച്ച്.

സൂചന :- 20/10/2018 ലെ ജി.ഒ(എം.എസ്)നം. 154/2018/പൊ.വി.വ. ഉത്തരവ്

സൂചന സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സ്കൂൾ കലോത്സവത്തോടൊപ്പം നടത്തേണ്ടിയിരുന്ന രചനാമത്സരങ്ങൾ ഈ വർഷം റവന്യൂജില്ലാതലത്തിൽ ഏകീകൃത വിഷയത്തിൽ, സംസ്ഥാനത്തൊട്ടാകെ ഒരേദിവസം ഒരേസമയം നടത്തി, അതിൽ ഏറ്റവും ഉയർന്ന സ്കോർ നേടുന്ന ഒരു സ്ക്രിപ്പ്റ്റ് മാത്രം സംസ്ഥാനതലത്തിൽ മൂല്യനിർണ്ണയം നടത്തി, സംസ്ഥാനതലഫലം നിർണ്ണയിക്കുവാൻ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ ജില്ലാതല രചനാ മത്സരങ്ങൾ **2018 നവംബർ 13, 14 15** തീയതികളിലായി നടത്തുന്നതും, ആയതിനുള്ള ക്രമീകരണങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ചെയ്യേണ്ടതുമാണ്. മത്സരങ്ങളുടെ സമയക്രമം ഇതോടൊപ്പം ചേർക്കുന്നു. ഓരോ മത്സരത്തിനും സംസ്ഥാനതലത്തിൽ തയ്യാറാക്കിയ വിഷയം മത്സരസമയത്ത് ഓൺലൈനായി ഐടി@സ്കൂൾ മുഖാന്തിരം ലഭിക്കുന്നതാണ്. അവ ഈ ഓഫീസിൽ നിന്നും നൽകുന്ന User Id, Passward എന്നിവ ഉപയോഗിച്ച് മത്സരാർത്ഥികളുടേയും, വിധികർത്താക്കളുടേയും സാന്നിദ്ധ്യത്തിൽ login ചെയ്ത് മത്സരങ്ങൾ നടത്തേണ്ടതാണ്.

ഒരേ വിഷയത്തിന്റെ അടിസ്ഥാനത്തിൽ മത്സരങ്ങൾ സംസ്ഥാനത്തൊട്ടാകെ നടത്തുന്നതിനാൽ സമയക്രമം കൃത്യമായി പാലിക്കേണ്ടതാണ്. മത്സരവേദികളിൽ കമ്പ്യൂട്ടർ, സ്ക്രീൻ, ഇന്റർനെറ്റ് കണക്ഷൻ, പ്രൊജക്റ്റർ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. **മാന്വൽ പ്രകാരം സ്ക്രിപ്പ്റ്റുകൾ മൂല്യനിർണ്ണയം നടത്തി ഫലം പ്രഖ്യാപിക്കേണ്ടതും ഉയർന്ന സ്കോർ നേടുന്ന ഒരു സ്ക്രിപ്റ്റ് മാത്രം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ഫോറം പൂരിപ്പിച്ച് ടി സ്ക്രിപ്പ്റ്റിനോടൊപ്പം തുന്നിചേർത്ത് ഭദ്രമായി പാക്ക് ചെയ്ത് ഫോറത്തിൽ പറഞ്ഞിരിക്കുന്ന വിശദാംശങ്ങൾ ടി കവറിന് പുറത്തും രേഖപ്പെടുത്തി, രജിസ്ട്രേഷൻ സമയത്ത് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ സംസ്ഥാനതല പ്രോഗ്രാം കമ്മിറ്റി (ആലപ്പുഴ) ക്ക് കൈമാറേണ്ടതാണ്. ചിത്രരചനയുടെ സ്ക്രിപ്പ്റ്റുകൾ മതിയായ സമയം എടുത്ത് ഉണങ്ങിയതിന് ശേഷം മാത്രമേ പാക്ക് ചെയ്യുവാൻ പാടുള്ളു. മൂല്യനിർണ്ണയം 2018 ഡിസംബർ 7-ാം തീയതി രാവിലെ 10 മണിക്ക് ആരംഭിക്കുന്നതിനാൽ 6-ാം തീയതി തന്നെ രചനാമത്സരങ്ങളുടെ സംസ്ഥാനതല രജിസ്ട്രേഷൻ നടപടികൾ പൂർത്തികരിച്ചതായി അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.**

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

പകർപ്പ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. കരുതൽ ഫയൽ